# പാവണ്ടൂർ ഹയർ സെക്കണ്ടറി സ്കൂൾ



# മഴവില്ല്

## ഡിജിറ്റൽ മാഗസിൻ



# പരിസ്ഥിതി

പരിസ്ഥിതി നശീകരണം ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഒരു വലിയ വിപത്താണ് ലോകത്തെമ്പാടുമുള്ള മാധ്യമങ്ങളിലും പരിസ്ഥിതിയെ പരാമർശിക്കാത്ത ഒരു വാർത്ത പോലും ഉണ്ടാകാത്ത ദിനം ഇല്ല എന്നാൽ ഇന്ന് പരിസ്ഥിതി എന്നത് അതിൻറെ വിശാലമായ കാഴ്ചപ്പാടിൽ നിന്നും മാറി വളരെ ചെറിയ തലത്തിൽ ഒതുങ്ങി തീർന്ന ഒരു വിഷയം മാത്രമാണ് ലോകം വീക്ഷിക്കുന്നത് ഇതിലൂടെ നമുക്ക് ഒന്ന് സഞ്ചരിച്ചു നോക്കാം

പരിസ്ഥിതി നശീകരണം എന്നാൽ പാടം ചതുപ്പുകൾ എന്നിവ നികത്തൽ ജലസ്രോതസ്സുകളിൽ അണക്കെട്ട് നിർമിക്കുക കാടുകൾ മരങ്ങൾ മുതലായവ വെട്ടി നശിപ്പിക്കുക കുന്നുകൾ പറകൾ ഇവയെ ഇടിച്ചു നിരപ്പാക്കുക കുഴൽ കിണറുകളുടെ അമിതമായ ഉപയോഗം വ്യവസായശാലകളിൽ നിന്നുള്ള പുക മൂലമുള്ള അന്തരീക്ഷ മലിനീകരണം അവിടെനിന്ന് ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്ന വിഷമുള്ള മലിനജലം ലോകമെമ്പാടും ഇന്ന് നശീകരണ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് വസ്തുക്കളിൽ നിന്നുള്ള വൈറസുകൾ വാഹനത്തിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം പ്ലാസ്റ്റിക് വസ്തുക്കളുടെ വേസ്റ്റുകൾ മറ്റു ജീവജാലങ്ങളെ കൊന്നൊടുക്കൽ സ്ഥലത്ത് ഉപയോഗിക്കുന്ന രാസ കീടനാശിനികൾ ഇവയൊക്കെയാണ്
നമ്മളും മാധ്യമങ്ങളും പരിസ്ഥിതി സംരക്ഷകരും നിരന്തരം ചർച്ച ചെയ്യുന്ന പരിസ്ഥിതി ദോഷം എന്നാൽ ഇതൊന്നുമല്ല യഥാർത്ഥ പരിസ്ഥിതി ദോഷം എന്നത് ഇതിനെ തിരിച്ചറിയണമെങ്കിൽ നിരന്തരമായ സ്വാതന്ത്ര അന്വേഷണ ബുദ്ധി ഉൾക്കാമ്പുള്ള ചിന്തകൾ നിബന്ധനകളില്ലാത്ത മനസ്സ് ഇവയൊക്കെ ആകെത്തുകയായി ജ്ഞാനത്തിന് ദീപ്തമായ പ്രചരണത്തിൽ നിന്നും മാത്രമേ ഇതിനെ നമുക്ക് കണ്ടെത്താൻ ആവുകയുള്ളൂ എങ്കിൽ മാത്രമേ ഈ പരിസ്ഥിതി ദോഷം ഒക്കെ സംഭവിക്കാതിരിക്കുകയും ഉള്ളൂ മനുഷ്യൻ എന്തിന് ജീവിക്കുന്നു അവൻറെ ജീവിത ലക്ഷ്യം എന്ത് യാഥാർത്ഥ്യബോധത്തോടെ കൂടി വീക്ഷിക്കുവാൻ വേണ്ടി കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി നമുക്ക് കഴിഞ്ഞിട്ടില്ല ദിശാബോധം നഷ്ടപ്പെട്ട ആത്മീയ സുഖത്തേക്കാൾ വലുത് ഇന്ദ്രിയ സുഖങ്ങൾ ആണെന്ന് ധരിച്ച്അതിവേഗതയിൽ കാലങ്ങളെ ആട്ടിപ്പായിക്കുന്ന നരജന്മം ഇന്ന് ചെന്നെത്തി നിൽക്കുന്നത് ബാഹ്യമായ അറിവുകളുടെ വിഷ ഭൂമിയിലാണ്

ജീവിതത്തിൽ പരമമായി വേണ്ടത് ആനന്ദമാണ് അത് നമ്മുടെ പൂർവികർ സ്വായത്തമാക്കിയിരുന്നു അതിനാൽ അവർ സച്ചിദാനന്ദൻമാരായിരുന്നു.സത് ചിത് ആനന്ദം നേടിയവരായിരുന്നു അങ്ങനെ നേടുന്ന ആനന്ദം അവരെ മഹത്വത്തെക്കുറിച്ചും ആയതിനാൽ അവരുടെ ജീനിയസ് അതാത് വിഷയങ്ങളിൽ നിക്ഷിപ്തവും അവയെ തിരിച്ചറിയാനുള്ള വേദിയും ആയിരുന്നു അവരുടെ ജീവിത ശൈലി ഇന്ന് മനുഷ്യൻ അവനവൻറെ ജീനിയസ് കണ്ടുപിടിക്കാനായി ആന്തരികമായ അറിവുകളെ താഴിട്ടുപൂട്ടി ബാഹ്യമായുള്ളതിനെ കാണാപാഠമായി ഉൾക്കൊള്ളുകയും ചെയ്യുന്നതിൻറെ ഫലമായി അറിവുകൾ ആഴമില്ലാത്ത വഴിയും നൈമിഷികവും ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ പ്രയോജനമില്ലാത്ത അവയുമായി മാറുകയും ചെയ്യുന്നു അങ്ങനെ ജീവിതത്തിൻറെ പരം ആനന്ദത്തെ അറിയുവാൻ വേണ്ടുന്നത് സംഘർഷം ഇല്ലാത്ത ഒരു മനസ്സാണ് ഇന്ന് കാലങ്ങളിൽ സംഘർഷം മനുഷ്യൻറെ കൂടെപ്പിറപ്പാണ് എന്താണ് രക്ഷിക്കേണ്ടത് എങ്ങനെയാണ് പഠിക്കേണ്ടത് എത്രമാത്രം ഭക്ഷിക്കണം എന്നുള്ള പറ്റി നമ്മുടെ സംസ്കാരവും പൈതൃകവും വളരെ വിശദമായിത്തന്നെ പഠിപ്പിച്ചിരുന്നു ഒരു നേരം ആഹാരം കഴിക്കുന്നവൻ യോഗി എന്നും രണ്ടുനേരം കഴിക്കുന്ന ഭൂമിയായും മൂന്നുനേരംകഴിക്കുന്ന അവനെ രോഗിയായി നാലോ അതിൽ അധികം ആഹാരം കഴിക്കുന്നവരെ രോഗിയായി ആണ് വിലയിരുത്തുന്നത് ജീവിതശൈലിരോഗങ്ങൾ എന്നും നാം സ്നേഹപൂർവ്വം വിളിക്കുന്ന രോഗങ്ങൾ നമ്മുടെ ശരീരത്തെ മാത്രമല്ല നശിപ്പിക്കുന്നത് മനസ്സിനെയും ബുദ്ധിയേയും വികലമാക്കുകയും ചിന്തകൾ ആരോ രോഗാവസ്ഥ മറക്കുകയും ചെയ്യുന്നു ഇവിടെയെല്ലാം നശിക്കുന്നത് നഗ്നനേത്രങ്ങൾകൊണ്ട് ഗോചരമല്ലാത്ത കോടിക്കണക്കിന് ജീവാണുക്കൾ ആണ്.ഒന്നു മനസ്സിരുത്തി ചിന്തിച്ചാൽ നാം നമ്മളിൽ തന്നെ പരിസ്ഥിതി നന്മയുള്ള ആദ്യ ചുവടുവെപ്പുകൾ തുടങ്ങും ഇനി ചിന്തിക്കാൻ സമയമില്ല ബുദ്ധിയെ ഉണർത്തി കർമ്മനിരതരാകുവിൻ...

**തേജാലക്ഷ്മി**

X D



## മൂന്നക്ഷരം

കാണാതെ അറിയുന്ന കാറ്റിൻ
തലോടലിൽ ആഞ്ഞടിക്കുന്ന
തിരമാലതൻ ശക്തിയിൽ
കാണാത്ത കാഴ്ചതൻ
വിടവിൽ മായാതെ
മറയുന്ന മറവിതൻ
ചാരുതയിൽ വെറും
മൂന്നക്ഷരത്തിൽ ഒതുങ്ങു
കയാണ് സന്തോഷമെന്ന
വാക്കിൻ തണുപ്പ്..........

ദേവിക. ടി. എം
IX A



# അച്ഛൻ

ആകാശത്ത് ഉല്ലസിച്ച് പറന്നു നടക്കുന്ന പട്ടം. അത് കാണാൻ നല്ല രസമാണെങ്കിലും പലപ്പോഴും അതിൽ നിന്നും രക്ഷനേടാൻ ഞാൻ ആഗ്രഹിക്കാറുണ്ടായിരുന്നു. കാരണം ഞാനും അതുപോലൊരു പട്ടം മാത്രമായിരുന്നു. അമ്മയില്ലാത്ത എന്നെ ഒരു പട്ടത്തെപ്പോലെ ശ്രദ്ധിച്ച് നൂല് പൊട്ടാതെ കൊണ്ടു നടന്നിരുന്നത് എൻറെ അച്ഛനാണ്. പക്ഷേ! ഇന്ന് ആ നൂലിന്റെ കെട്ടിൽ നിന്നും വേർപെട്ട് എങ്ങോട്ടെന്നില്ലാതെ പറക്കുന്ന ഒന്നായി ഞാൻ മാറി. നൂല് പൊട്ടിയ പട്ടം പരന്നുകിടക്കുന്ന ആകാശത്തിലൂടെ പറന്നു അവസാനം വല്ല മരക്കൊമ്പിലോ മറ്റോ തറച്ച് ഇല്ലാതാകുന്നു. അതുപോലെ ഇപ്പോൾ ഞാനും. എന്നാൽ എത്ര കാലം? എന്നെങ്കിലും ഞാനും അതുപോലെ ആർക്കും വേണ്ടാതെ..... ഇല്ല; ജീവിക്കണം.പക്ഷേ എങ്ങനെ ?ഒരു ജോലിയില്ല ,പണമില്ല ഈ കാരാഗ്രഹത്തിൽ നിന്നും എങ്ങനെയാണ് രക്ഷപ്പെടുക. സ്വയം എടുത്തു ചാടിയത് ഒരു മരണ കെണിയിലേക്കാണെന്ന് മനസ്സിലാക്കാൻ ഒരുപാട് വൈകി.ഇനിയും ഇതിൽ നിന്ന് രക്ഷപ്പെട്ടില്ലെങ്കിൽ എൻറെ കുഞ്ഞിനും ഇതുപോലെ മരണയാതന അനുഭവിക്കേണ്ടിവരും. അതു പാടില്ല, എല്ലാവരും ഉറങ്ങിക്കാണും.ഇതുതന്നെയാണ് സമയം.പതിയെ വാതിൽ തുറന്നു .ആ വീട്ടിൽ നിന്നും പടിയിറങ്ങി.ഇനി ഒരിക്കലും തിരിച്ചെത്തരുതേ എന്ന പ്രാർത്ഥന മാത്രമായിരുന്നു മനസ്സിൽ.

മൂന്നുവർഷം മുൻപാണ് രേഖയുടെ വിവാഹം കഴിഞ്ഞത്.പ്രായത്തിന്റെ പക്വത കുറവ് മൂലം ഒരു തെറ്റായ തീരുമാനമായിരുന്നു അവൾ എടുത്തത് അഞ്ച് വർഷത്തെ ആത്മാർത്ഥ സ്നേഹത്തിൻറെ സാക്ഷാത്കാരം എന്ന സന്തോഷത്തിൽ ആയിരുന്നു അവൾ. എന്നാൽ ജനിച്ച അന്നുമുതൽ തന്നെ പൊന്നുപോലെ കാത്ത അച്ഛൻറെ സ്നേഹത്തെ അവൾ മറന്നു പോയിരുന്നു.തൻറെ ആവശ്യം അച്ഛൻ നടത്തി തരില്ല എന്ന് മനസ്സിലാക്കിയ

രേഖ തൻറെ വിവാഹം തീരുമാനിച്ചിരുന്ന ദിവസം അവൾ സ്വന്തം പിതാവിനെ അപമാനിച്ച് പുതിയ ജീവിതം സ്വപ്നം കണ്ട് ഇറങ്ങിത്തിരിച്ചു. അന്ന് അച്ഛൻറെ വാക്ക് കേട്ടിരുന്നെങ്കിൽ ഇന്നും നല്ലൊരു ജീവിതം നയിക്കാമായിരുന്നു എന്ന് അവൾ ചിന്തിക്കാറുണ്ടായിരുന്നു. എന്നാൽ അന്ന് ജീവനുതുല്യം സ്നേഹിച്ച അച്ഛൻറെ വാക്കുകൾ കേൾക്കാൻ അവൾ മറന്നു പോയി.രേഖ പടിയിറങ്ങി ഒരു മാസം തികയും മുൻപേ അച്ഛൻ ഹൃദയാഘാതം മൂലം മരണപ്പെട്ടു എന്ന വാർത്തയാണ് പിന്നീട് കേട്ടത്. താൻ കാരണമാണ് തൻറെ പിതാവ് മരണപ്പെട്ടത് എന്ന ചിന്ത അവളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ആ വേദനയിൽ നിന്നും അവൾ മുക്തി നേടുന്നതിന് മുൻപ് തന്നെ ഭർത്താവിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത കാര്യങ്ങൾ കേട്ട് തുടങ്ങി. എന്നെങ്കിലും അച്ഛൻ മകളായ എന്നെ സ്വീകരിക്കുമെന്നായിരുന്നു അയാൾ വിചാരിച്ചിരുന്നത്. അങ്ങനെയാണെങ്കിൽ എൻറെ പിതാവിൻറെ പേരിലുള്ള എല്ലാ സമ്പാദ്യങ്ങളും തന്റേതാകും എന്നായിരുന്നു അയാളുടെ ചിന്ത. പക്ഷേ അച്ഛൻറെ മരണം അറിഞ്ഞതോടുകൂടി ഭർത്താവിന് പിന്നീട് അവൾ ഒരു ഭാരമായി.സ്ത്രീധനം പോലും ഇല്ലാതെ കൊണ്ടുവന്നത് വെറുതെയല്ല .മനസ്സിൽ ഒരുപാട് കാര്യങ്ങൾ കണക്ക് കൂട്ടിയിട്ട് ആയിരുന്നു എന്ന് അവൾ മനസ്സിലാക്കി. അതുകൊണ്ട് ഭർത്താവിന്റെയും കുടുംബത്തിന്റെയും ഒട്ടനവധി ക്രൂര പീഡനങ്ങൾക്ക് അവൾ ഇരയാകേണ്ടി വന്നു.അതെല്ലാം അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.എങ്കിലും പരമാവധി എല്ലാം അവൾ തൻറെ ഉള്ളിൽ ഒതുക്കി ജീവിതം അവിടെ ഒരു അടിമയെ പോലെ കഴിച്ചുകൂട്ടി.

കുറച്ചു കാലത്തിനുശേഷം അവൾക്ക് ഒരു കുഞ്ഞു പിറന്നു .ജനിച്ച് ആറുമാസം മാത്രം പ്രായമായ കുഞ്ഞിനെ അതിൻറെ സ്വന്തം പിതാവ് തന്നെ ?ഇല്ല, അതിന് അനുവദിക്കരുത്.ഒന്നുമറിയാത്ത ആ ചോര കുഞ്ഞിനെ മരണത്തിലേക്ക് തള്ളിക്കളയാൻ ഒരു അമ്മയ്ക്ക് കഴിയില്ലല്ലോ? എന്തെല്ലാം സഹിച്ചു എന്നു പറഞ്ഞാലും തൻറെ കുഞ്ഞിന് എന്തെങ്കിലും പറ്റിയെന്ന് അറിയുമ്പോൾ അത് ഒരു അമ്മയ്ക്ക് താങ്ങാവുന്നതിനുമപ്പുറമാണ് .അതിനാലാണ് അവൾ വീടുവിട്ടിറങ്ങാനുള്ള തീരുമാനത്തിലെത്തിയത്. തൻറെ കുഞ്ഞിന് ഒരിക്കലും ഈ ഒരു ഗതി ഉണ്ടാകരുത് എന്നായിരുന്നു അവളുടെ മനസ്സിൽ.

വീടുവിട്ടിറങ്ങിയെങ്കിലും എങ്ങോട്ട് പോകണമെന്ന ചോദ്യം അവളുടെ മനസ്സിൽ ഉണ്ടായിരുന്നില്ല.കാരണം അച്ഛൻ എന്നത് അവളുടെ മനസ്സിൽ മായാതെ കിടക്കുന്ന ഒരു ചിത്രം ആയിരുന്നു.അദ്ദേഹം എന്തെങ്കിലും തനിക്കായി കരുതിവെച്ചിട്ടുണ്ടാകും എന്ന് അവൾ വിശ്വസിച്ചു. ആ വിശ്വാസത്തിന്റെ പുറത്ത് അവൾ തൻറെ അച്ഛൻ ഉറങ്ങുന്ന മണ്ണിലേക്ക് പോയി. എന്നാൽ അവിടെ എത്തിയ അവൾ തികച്ചും അത്ഭുതപ്പെടുകയാണ് ഉണ്ടായത് .അവൾ വിചാരിച്ചതിലും അപ്പുറമാണ് പിതാവ് തനിക്കായി കരുതി വെച്ചിട്ടുണ്ടായിരുന്നത്. ജീവനുള്ള കാലത്തോളം അദ്ദേഹം സമ്പാദിച്ചു വെച്ച എല്ലാ സ്വത്തുക്കളും വീടും അവൾക്കു വേണ്ടിയായിരുന്നു മാറ്റിവെച്ചത്. ഒരു മാതാപിതാക്കളും മക്കളെ സ്നേഹിക്കാതിരിക്കുന്നില്ല.അവരെ ചേർത്തു പിടിക്കാനേ ശ്രമിക്കാറുള്ളൂ എന്ന് അവൾ അന്ന് തിരിച്ചറിഞ്ഞു. തൻറെ അച്ഛൻറെ ആത്മാർത്ഥമായ സ്നേഹം തിരിച്ചറിഞ്ഞ് രേഖയുടെ കണ്ണുകൾ നിറഞ്ഞു. അവൾ അറിയാതെ വിതുമ്പി പോയി.

തൻറെ കുഞ്ഞിനെ ഒന്ന് ചുംബിച്ച് അവൾ അച്ഛൻ തനിക്കായി കരുതിവെച്ച വീടിനുള്ളിലേക്ക് കയറി. അച്ഛനെ ഒരിക്കൽ കൂടി കാണാൻ കഴിഞ്ഞെങ്കിൽ എന്ന് അവൾ ആഗ്രഹിച്ചു. പക്ഷേ അതിനു ഒരിക്കലും നടക്കില്ല എന്ന് അവൾക്ക് അറിയാമായിരുന്നു. തൻറെ തെറ്റു കാരണമാണ് മരണപ്പെട്ടത് എന്ന കുറ്റബോധം അവളുടെ ജീവിതകാലം മുഴുവനും അവളെ പിന്തുടർന്നു കൊണ്ടിരിക്കും. എങ്കിലും തന്റെ അച്ഛൻറെ ഓർമ്മകളിലൂടെ അവൾ തൻറെ പുതിയ ജീവിതം ആരംഭിച്ചു.

**നന്ദന മനോജ്**
IX C



## സ്വർണ്ണ നാണയവും നീതിയും

ഒരു ദിവസം മുതലാളിയും തൊഴിലാളിയും കൂടെ പാടത്തിലൂടെ വെറുതെ നടക്കുകയായിരുന്നു.അപ്പോൾ മുതലാളി ചോദിച്ചു "നിങ്ങൾക്ക് സ്വർണനാണയം ആണോ നീതിയാണോ വേണ്ടത് എന്ന് ചോദിച്ചാൽ നിങ്ങൾ ഏത് തിരഞ്ഞെടുക്കും". ഉടനെ തന്നെ തൊഴിലാളി പറഞ്ഞു "സ്വർണ്ണനാണയം". മുതലാളി തൊഴിലാളിയോടായി പറഞ്ഞു "ആലോചിച്ചു പറയൂ". തൊഴിലാളി പറഞ്ഞു "ഇത് ആലോചിക്കാനായി ഒന്നും തന്നെയില്ല സ്വർണ്ണനാണയം തന്നെ". മുതലാളി അമ്പരപ്പോടെ പറഞ്ഞു "ഞാൻ വിചാരിച്ചു നിങ്ങൾ മറ്റു തൊഴിലാളികളെ പോലെ ആർത്തി ഉള്ളവനല്ല എന്ന്. എന്നാലും ഞാൻ ചോദിക്കുകയാണ് എന്തുകൊണ്ടാണ് നീ ഇത് തിരിഞ്ഞെടുത്തത് ."എന്ന് മുതലാളി ചോദിച്ചു

" ഇവിടെ താങ്കൾ നീതിമാനാണ് പക്ഷേ ആവശ്യമില്ലാതെ ഒരു രൂപ പോലും താങ്കൾ ഞങ്ങൾക്ക് നൽകാറില്ല". ഇത് കേട്ട് മുതലാളി ആയിരക്കണക്കിന് സ്വർണനാണയം തൊഴിലാളികൾക്ക് സമ്മാനിച്ചു .

**നിയ മിൻഹ**
VIII C



## വിജയത്തിലേക്ക്

പനാമ കനാലിന്റെ നിർമ്മാണവേള മേജർ ജനറൽ ജോർജ് ഗെഫൽസിന്റെ നേതൃത്വത്തിൽ കനാലിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.ഒരു പ്രത്യേക ഭാഗത്ത് എത്തിയപ്പോൾ കുഴിക്കാൻ അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നു.മേജർ മുൻകൈയെടുത്ത് മാസങ്ങളോളം കഷ്ടപ്പെട്ട്. ഒരു ഭാഗം കുഴിച്ചെടുത്തു.അങ്ങനെ ഒരു ഭാഗം കനാൽ നിർമ്മിച്ചു. പക്ഷേ തൊട്ടടുത്ത ദിവസംഅവിടെ മുഴുവൻ തകർന്നുവീണു. എൻജിനീയർമാരും തൊഴിലാളികളും നിരാശയോടെ ആ കാഴ്ച കണ്ടു നിന്നു. പലരും പണി മതിയാക്കി മടങ്ങി പോകാൻ തീരുമാനിച്ചു.മേജറോട് ഒപ്പം നാശനഷ്ടം വീക്ഷിച്ചുകൊണ്ടിരുന്ന ഒരു എൻജിനീയർ വീഷണ്ണതയോടെ ചോദിച്ചു. " ജനറൽ, നാം ഇനി എന്താണ് ചെയ്യാൻ പോകുന്നത്? ജനറൽ വിശ്ചയദാർഢ്യത്തോടെ മറുപടി നൽകി". വീണ്ടും കുഴിക്കുക. അവൻ വീണ്ടും കുഴിച്ചു.അതുകൊണ്ട് സുപ്രധാനമായ ഒരു ജലപാതയുടെ ഗുണഫലങ്ങൾ ലോകം ഇന്ന് അനുഭവിക്കുന്നു.

# തൂലിക



തൂലിക പടവാളാക്കുക നാം

തിന്മയ്ക്കെതിരായി  ചൂണ്ടുക നാം

നന്മയെ നേടിയെടുത്തിടാൻ

ഒന്നായണി ചേർന്നിടുക നാം

നമ്മിലൂടെയാവേണം

നാളെ വാർത്തെടുത്തിടാൻ

**അർച്ചിതൻ പ്രമോദ്**
***IX* D**



## യുവത്വ

1995- ൽ nokia മൊബൈയിൽ നിന്ന് തുടങ്ങി iphone 13 pro max വരെ എത്തി നിൽക്കുന്ന ഒരു യുഗമാണിത്. ഓരോ യുഗങ്ങൾ മാറും തോറും വ്യത്യസ്ത മാറ്റങ്ങൾ സംഭവിക്കുന്നത് മുതൽ ഇന്ന് വ്യത്യസ്ത അറിവുകൾ തരുന്നതും അതിലേറെ ഫേക്ക് ന്യൂസുകളുടെ കലവറയായും സോഷ്യൽ മീഡിയ മാറിയിരിക്കുകയാണ്. ആളുകളെ പരസ്പരം ബന്ധിക്കാവുന്ന ഒരു വേദിയാണിത്. നന്മകളും തിന്മകളും വിളയുന്ന ഒരിടം. Face book, whatsapp, Instagram, twitter തുടങ്ങിയവ മറ്റെല്ലാത്തിനെയും കവച്ചുവെച്ചിരിക്കുന്നു. ലോകത്തിലെ ഓരോ ചലനങ്ങൾ പോലും ഇവിടെ ചർച്ചയാകുന്നു. കൃത്യമായും, സമർത്ഥമായും ഉപയോഗിച്ചില്ലെങ്കിൽ ഇരുതല മൂർച്ചയുള്ള ഒരു വാൾ ആണ് ഈ നവമാധ്യമങ്ങൾ. സോഷ്യൽ മീഡിയയിൽ നിയന്ത്രണങ്ങൾ ഇല്ല എന്ന് തന്നെയാണ് നിലവിലെ പോരായ്മ. നേരിട്ടുള്ള സൗഹൃദങ്ങൾ പോലും സോഷ്യൽ മീഡിയയിൽ മാത്രം ഒതുങ്ങുന്നു. കുടുംബാംഗങ്ങളുമായി സംസാരിക്കാനുള്ള സമയം സോഷ്യൽ മീഡിയ കൈയേറിയിരിക്കുന്നു. പലപ്പോഴും സോഷ്യൽ മീഡിയ യുവതലമുറയിൽ വെമ്പൽ കൊണ്ടുവന്നു.

എവിടെ ലക്ഷ്മണരേഖ വരയ്ക്കണമെന്ന് അറിയാത്ത യുഗം കുഴയുകയാണ്. ഒരു ദിവസം മുഴുവൻ നമ്മൾ പോലും അറിയാതെ മറ്റുള്ളവർ ചിന്തിക്കുന്നതിനും ആഗ്രഹിക്കുന്നതിനും അനുസരിച്ച് പ്രവർത്തിക്കുന്നവരായി മാറുന്ന നമ്മൾ എങ്ങനെ സോഷ്യൽ മീഡിയയിൽ ഇടപെടണമെന്നത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ കൗമാരക്കാരിൽ അവബോധം സൃഷ്ടിക്കാൻ നമുക്കാവുന്നു. നാം കുറച്ചു പുറകോട്ട് ചിന്തിക്കുന്നത് നല്ലതാണ്.

ഇങ്ങനെ പോയാൽ ഇത് ചെന്ന് അവസാനിക്കുന്നത് എവിടെയാണ് എന്നുപോലും നമുക്ക് ആവുന്നതിലും അപ്പുറത്താണ്. ഒരു കുഞ്ഞു ഉണരുമ്പോൾ അത് ക്രിസ്ത്യൻ ആണെങ്കിൽ യേശുവിന്റെ സ്തുതി കീർത്തനങ്ങളും, ഹിന്ദുവാണെങ്കിൽ കൃഷ്ണനാമങ്ങളും, മുസ്ലിം ആണെങ്കിൽ അല്ലാഹുവിന്റെ പ്രകീർത്തനങ്ങളും ആയിരിക്കും ആദ്യം കേൾക്കുന്നത്. എന്നാൽ ഈ ഡിജിറ്റൽ യുഗത്തിൽ ഒരു കുഞ്ഞു ഉണരുമ്പോൾ തന്നെ ആദ്യം കേൾക്കുന്നത്. " ഹലോ ഗയ്സ് വെൽക്കം ബാക്ക് ടു മൈ ചാനൽ " എന്ന പദപ്രയോഗമാണ്. ഒരു സ്വിച്ച് ഇട്ടാൽ എന്തു നേടുന്ന എന്തും നശിപ്പിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ നന്മയേത് തിന്മയേത് എന്ന ചിന്തിക്കാൻ നിങ്ങളിലേക്ക് വിട്ടുതന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

അർച്ചന പി വ◌ി<br>
IX A



## ശബ്ദമലിനീകരണം

അനാവശ്യമായതും കാതുകൾക്ക് അരോചകമായതുമായ ശബ്ദസൃഷ്ടിയാണ് ശബ്ദമലിനീകരണം.നാഡീ-ഞരമ്പുകൾ ഹൃദയം തുടങ്ങിയ മനുഷ്യാവയവങ്ങൾക്ക് ക്ഷതംമേൽക്കുന്നതിനും മാനസിക പിരിമുറുക്കത്തിനും കേൾവിശേഷി നഷ്ടപ്പെടലിനും ശബ്ദമലിനീകരണം വഴിവെയ്ക്കും.ലോകമെമ്പാടുമുള്ള ഔട്ട്ഡോർ ശബ്ദത്തിൻ്റെ ഉറവിടം പ്രധാനമായും യന്ത്രങ്ങൾ, ഗതാഗതം, പ്രചരണ സംവിധാനങ്ങൾ എന്നിവയാണ്. ഇലക്ട്രിക്കൽ ജനറേറ്ററുകൾ, കാറ്റ് ടർബൈനുകൾ, സ്ഫോടനങ്ങൾ, ആളുകൾ എന്നിവ ഉൾപ്പെടുന്നതാണ് പാർപ്പിട പ്രദേശങ്ങളിലെ ശബ്ദത്തിൻ്റെ പ്രധാന ഉറവിടങ്ങൾ .ഉയർന്ന ശബ്ദത്തിൻ്റെ അളവ് മനുഷ്യരിൽ ഹൃദയ സംബന്ധമായ പ്രത്യാഘാതങ്ങൾക്കും കൊറോണറി ആർട്ടറി രോഗത്തിൻ്റെ വർദ്ധനവിനും കാരണമാകും.മർദ്ദം , തീവ്രത , ആവൃത്തി എന്നിവയുടെ അടിസ്ഥാനത്തിൽ ഗവേഷകർ ശബ്ദത്തെ അളക്കുന്നു .ശബ്ദ തീവ്രത , ഒരു മീറ്ററിന് വാട്ട്സ് പെർ സ്ക്വയറിൽ അളക്കുന്നത് ഒരു പ്രത്യേക പ്രദേശത്തെ ശബ്ദത്തിൻ്റെ ഒഴുക്കിനെ പ്രതിനിധീകരിക്കുന്നു.ശബ്ദമലിനീകരണം ആരോഗ്യത്തെയും പെരുമാറ്റത്തെയും ഒരുപോലെ ബാധിക്കുന്നു.പ്രായമായവർക്ക് ശബ്ദം മൂലം ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാമെങ്കിലും, ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ, കുട്ടികൾ പ്രത്യേകിച്ച് ശബ്ദത്തിന് ഇരയാകുന്നു.പരിതസ്ഥിതിയിലോ ജോലിസ്ഥലത്തോ ഉള്ള ശബ്ദം കുറയ്ക്കാൻ പലപ്പോഴും നിയന്ത്രണങ്ങളുടെ ശ്രേണി ഉപയോഗിക്കുന്നു. എഞ്ചിനീയറിംഗ് ശബ്ദ നിയന്ത്രണങ്ങൾ ശബ്ദ പ്രചരണം കുറയ്ക്കുന്നതിനും വ്യക്തികളെ അമിത എക്സ്പോഷറിൽ നിന്ന് സംരക്ഷിക്കുന്നതിനും ഉപയോഗിക്കാം ശബ്ദമലിനീകരണത്തിൻ്റെ ദോഷകരമായ ഫലങ്ങളിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ വ്യക്തികൾക്ക് നടപടികളെടുക്കാനും കഴിയും. ആളുകൾ ഉച്ചത്തിലുള്ള ശബ്ദം കേൾക്കുന്നുണ്ടെങ്കിൽ, അവർക്ക് കേൾവി സംരക്ഷണം ( ഇയർ പ്ലഗുകൾ അല്ലെങ്കിൽ ഇയർ മഫ്സ്) ഉപയോഗിച്ച് അവരുടെ ചെവികൾ സംരക്ഷിക്കാനാകും.നഗര ആസൂത്രണത്തിലൂടെയും റോഡുകളുടെ മികച്ച രൂപകൽപ്പനയിലൂടെയും റോഡുകളിൽ നിന്നും മറ്റ് നഗര ഘടകങ്ങളിൽ നിന്നുമുള്ള ശബ്ദം ലഘൂകരിക്കാനാകും . ശാന്തമായ ജെറ്റ് എഞ്ചിനുകൾ ഉപയോഗിച്ച് വിമാനത്തിൻ്റെ ശബ്ദം കുറയ്ക്കാം . ഫ്ലൈറ്റ് പാതകളും റൺവേയുടെ സമയവും മാറ്റുന്നത് വിമാനത്താവളങ്ങൾക്ക് സമീപമുള്ള താമസക്കാർക്ക് പ്രയോജനകരമാണ്. ശബ്ദ മലിനീകരണം വലിയൊരു ആപത്തായി മാറുകയാണ്. അത് നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്.

നിവേദ്
IX C



## എന്താണ് സൗഹൃദം

രണ്ടു മനുഷ്യർ സ്വന്തം വ്യക്തിത്വങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പരസ്പരം താങ്ങായി തീരുന്ന അവസ്ഥയാണത്. സ്വാർത്ഥതകളില്ലാതെ ഉപാധികളില്ലാതെ ഒത്തുചേർന്ന് ലോകത്തെ പങ്കുവെക്കുന്ന പ്രവൃത്തി. അതുകൊണ്ട് എല്ലാ നല്ല സൗഹൃദങ്ങൾക്കും സാമൂഹികമായ ഒരു ദൗത്യം ഉണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ സൗഹൃദം എന്നത് ഏറ്റവും സർഗാത്മകവും ധ്വനി സാന്ദ്രവുമായ ഏകകമാണ്. സമൂഹത്തിന്റെ ഇത്തരം അനേകം സൗഹൃദങ്ങളിലൂടെയാണ് ഏറ്റവും സാധാരണ മനുഷ്യൻ പോലും ജീവിതം സ്വാർത്ഥകമാക്കി തീർക്കുന്നത്. സമ്പത്തിന്റെയും അധികാരത്തിന്റെയും ജ്ഞാനത്തിന്റെയും കവചങ്ങൾ ഒന്നുമില്ലാത്തനിസ്സഹായനായ ഒരു മനുഷ്യൻ അവരുടെ കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ജീവിതത്തെ അതിജീവിച്ച് മുന്നേറുന്നത് തന്നെ പോലുള്ള മറ്റു സഹജീവികളുടെ സൗഹൃദം കൊണ്ടു മാത്രമാവണം. ”ദാരിദ്ര്യാർത്തി” കഴിഞ്ഞാൽ മനുഷ്യന്റെ ഏറ്റവും വലിയ പീഡ ഏകാന്തതയാണ്. ഏകാന്തത വ്യക്തിപരമായ ഒരു അനുഭവം മാത്രമല്ല, സാമൂഹികമായ മരണം കൂടിയാണത്. മൃത്യുവിന്റെ പ്രച്ഛന്ന രൂപമായ ഈ ഏകാന്തതയെ പ്രതിരോധിക്കാനുള്ള ഒരേയൊരു ആയുധമാണ്സൗഹൃദം.അതുകൊണ്ട് സൗഹൃദം.ചരിത്രപരമായ ഒരു ആവശ്യകത കൂടിയായി തീരുന്നു.സൗഹൃദം കടമയാണ്.

" Friendship is duty".

Rinhafathima
8C



## ആൽബർട്ട് ഐൻസ്റ്റൈൻ

ആപേക്ഷികതാ സിദ്ധാന്തത്തിനു രൂപം നൽകിയ ഭൗതികശാസ്ത്രജ്ഞനാണ് ആൽബർട്ട് ഐൻസ്റ്റൈൻ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രതിഭാധനനായ ശാസ്ത്രഗവേഷകനായി ഇദ്ദേഹം പരക്കെ അംഗീകരിക്കപ്പെടുന്നു. സാമാന്യ ആപേക്ഷികതാസിദ്ധാന്തം ആധുനിക ഭൗതികശാസ്ത്രത്തിലെ രണ്ടു അടിസ്ഥാനശിലകളിലൊന്നായി കണക്കാക്കപ്പെടുന്നു.1905 ഡിസംബർ 2 നാണ് ജർമൻ ഇയർ ബുക്ക് ഓഫ് ഫിസിക്സിൽ ഈ പ്രബന്ധം ആദ്യമായി പ്രസിദ്ധീകരിച്ചു വന്നത് ന്യൂട്ടന്റെ ഭൂഗുരുത്വാകർഷണം (ഗ്രാവിറ്റേഷൻ) ത്വരണം സന്തുലിതാത്ത്വം എല്ലാം വ്യക്തമാക്കിയെടുക്കാൻ ആപേക്ഷിക സിദ്ധാന്തത്തിന് കഴിഞ്ഞു. ഫോട്ടോ ഇലക്ട്രിക് എഫക്റ്റ് വിശദീകരിച്ചതിനും സൈദ്ധാന്തിക ഭൗതികശാസ്ത്രത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനകൾക്കും കൂടി 1912ൽ ഭൗതിക ശാസ്ത്രത്തിലെ നോബൽ സമ്മാനം ലഭിച്ചു.1999ൽ പ്രശസ്തമായ ടൈം മാഗസിൻ നൂറ്റാണ്ടിന്റെ വ്യക്തിയായി തിരഞ്ഞെടുത്തതും ഐൻസ്റ്റിനെ ആയിരുന്നു.1955 ഏപ്രിൽ 18ന് ഈ ശാസ്ത്രജ്ഞൻ ലോകത്തോട് വിട പറഞ്ഞു.

മിസബ്
VIII B




## OZONE LAYER

The air around us consist mainly of nitrogen and oxygen including carbon dioxide, nitrogen and ozone. The ozone layer is a region of earth's stratosphere that blocks out most of the ultraviolet ray from the sun in these rays reached the round, they would harm all land, animals and plants.

Chlorofluorocarbon (C.F.Cs)used in refrigerator and many gas sprays are rapidly distorting the ozone layer more ever natural process like volcanic eruptions can have an indirect affection on ozone layers Satellite already detected a large hole in it over the north pole. Chlorine and other gasses accumulation the environment, reacted with ultraviolet of sun resulting in a hole in the ozone layer.

Ozone is the umbrella for the earth. As the ozone gas is concentrated in the upper atmosphere as a larger it project the life forms of the earth by absorbing the harmful ultraviolet rays from the sun, Bindness, premature ageing, stunned growth of plants, destruction in food chain etc... are negative impacts of the ultraviolet rays.

To create awareness on the need of conservation of ozone and to control the use of product's that leading to ozone depletion 16 September of every year is observed as world OZONE DAY.


Aysha Hadi
VIII C



## നിമിഷങ്ങൾ

മണ്ണിലേക്ക് അലിയുകയായി
നിർജീവജഡം പോൽ
ഭാവി തൻ ജീവിതം
സ്വപ്നങ്ങളിൽ കരി
നിഴലിൻ ആഗമനം
ഏകാന്തതയിൽ കരി
വണ്ടിൻ നിശബ്ദത
എരിഞ്ഞമർന്ന വഴി
കളിലേക്ക് ഒരു നോട്ടം മാത്രം
അവഗണനതൻ മടിയിലേക്ക്
തലചായ്ക്കാൻ നിമിഷങ്ങൾ
തൻ മുറിവുമായി...

-ദേവിക. ടി.എം



## സർ ഐസക് ന്യൂട്ടൻ

ഭൂമി വസ്തുക്കളെ ആകർഷിക്കുന്നതുപോലെ സൂര്യനും നക്ഷത്രങ്ങളും ഗ്രഹങ്ങളുമെല്ലാം പരസ്പരം ആകർഷിക്കുന്നുണ്ട് എന്ന് കണ്ടെത്തി. ''ഊർജ്ജതന്ത്രത്തിന്റെ പിതാവ് ''എന്ന് വിശേഷിപ്പിക്കുന്നു.'ഫിലോസഫിയനാച്ചുറലിസ് പ്രിൻസിപിയാ മത്തേമറ്റിക്ക 'എന്ന ന്യൂട്ടന്റെ പുസ്തകം ഗണിത ശാസ്ത്രത്തിൽ ഏറെ പ്രസിദ്ധമാണ്.'കൽക്കുലമ്പു 'കണ്ടുപിടിച്ചത് ന്യൂട്ടനും മറ്റൊരു ശാസ്ത്രജ്ഞനും ചേർന്നാണ്.'ന്യൂട്ടന്റെ ചലന നിയമങ്ങൾ 'ശാസ്ത്രത്തിനു ലഭിച്ച മഹത്തായ സംഭവനയാണ്.1642 ഇംഗ്ലണ്ടലെ ലിങ്കൺ ഷെയറിൽ ആണ് ജനനം.പത്തൊമ്പതാം വയസ്സിൽ കാബ്രിഡ്ജിലെ ട്രിനിറ്റി കോളേജിൽ പഠനം. പ്രൊഫസ്സർ ഐസക് ബറോയുകത്തു ഗണിതത്തിൽ ഗവേഷണം.ഇരുപത്തി ഏഴാം വയസ്സിൽ മാതാമറ്റിക്സ് പ്രൊഫസർ. 1672ഇൽ റോയൽ സൊസൈറ്റിയിൽ ഫെല്ലോ.1689ൽ യൂണിവേഴ്സറ്റി പ്രതിനിധി എന്ന നിലയിൽ പാർലമെന്റ് അംഗം. 1703 മുതൽ മരണം വരെ റോയൽ സൊസൈറ്റിയുടെ പ്രസിഡന്റ്.

**അക്ഷിത**
VIII B



# ___സ്നേഹം___

ഒരു ഗ്രാമത്തിൽ ഒരു ചെറിയ അണുകുടുംബം ഉണ്ടായിരുന്നു.വളരെ സന്തുഷ്ടജീവിതം നയിക്കുന്ന കുടുംബം. അച്ഛനും അമ്മയും രണ്ടു ആൺമക്കളും ഉൾപ്പെട്ടിരുന്നു.ഒരാൾ ജയനും, ദാമുവും അവരുടെ രണ്ട് മക്കളെയും നല്ല രീതിയിൽ പഠിപ്പിച്ചു. അവർ നല്ല ഉയർന്ന ജോലി വാങ്ങി വിവാഹം ഒകെ കഴിഞ്ഞു.അവർക്കു രണ്ടുപേർക്കും അമ്മ അച്ഛൻ എന്ന് വെച്ചാൽ ജീവനായിരുന്നു.പക്ഷെ അവർ സ്വന്തം ഒരു നിലയിലെത്തി കുടുംബം ആയപ്പോൾ അമ്മയോടും അച്ഛനോടും ഉള്ള അടുപ്പം കുറഞ്ഞു വന്നു.... പിന്നീട് അവർ ഒരു ഭാരമായി തോന്നി.അങ്ങനെയിരിക്കെ ഇരുവരും കൂടെ ഒരു തീരുമാനം എടുത്തു അമ്മയെയും അച്ഛനെയും വൃദ്ധസധനത്തിൽ കൊണ്ടാക്കാം എന്ന്. രണ്ടുപേരും ആരുടെയും ആശ്രയം ഇല്ലാതെ ജീവിക്കാൻ തുടങ്ങിയപ്പോൾ പല്ലെരെയും മറന്നു......

നിവേദ്യ വി സി
IX C



# നിഴലുകൾ

അടച്ചിട്ട മുറിയിലെ ജനാലയ്ക്കുള്ളിൽ
കത്തികഴിഞ്ഞൊരു മെഴുതിരി
നാളമായി ഏകാന്ത
വാസത്തിൽ ഇന്നൊരുവൾ
ചിറകൊടിഞ്ഞ ഒരു പക്ഷി പോൽ
ഏകയായി കൂരിരുളിൽ
കാത്തിരിപ്പിന്റെ കഥകളായി
വേദനയുടെ കവിതയായി
അവളിന്ന് തൂലികയിൽ
ഇരുട്ടിൻ മറ നീക്കി
വെളിച്ചം ആ ജനലായി
ക്കുള്ളിൽ എത്തുന്ന ക്ഷണം
അവളറിയും അവളെന്ന
സത്യത്തെ..

-ദേവിക. ടി. എം.



## The woman in the neighbourhood

Just a casual day with a group of teenagers playing Soccer in their neighbourhood .suddenly a boy named Jacob kick the ball and the ball landed on a house's front door which gives enough creep to scare us.as jacob moved closer to get the ball.someone from the group said jacob no.i don't think you are doing the right thing by stepping on to the house.ohh no dude not now yes I know it is called the creepy grannys house but i don't think now she is alive or not said jacob then he moved to the balls place but before he could reach the ball the front door of the house suddenly opened and a hand grab the ball and showed the ball inside then slam the door really hard .By seeing this everyone in the group ran away except Jacob . So let's come to the story the house now we are saying about is a house of a granny.who was nightmare for the neighbour hood.There is a rumour going on that the granny Granny was a maniac who killed children for fun.she was normal few years back but with the missing of her favorite dog named bella she became a total maniac and never leave the house.The house was a mysterious case for everyone as no one knows what is happening or what is inside the house.so let's come back to the story.The boy named jacob was interested in paranormal and crime thriller etc...He always try to do the opposite things that a man should do.So when everybody ran away he didn't ran and try to look through one of the window to see what is happening there.As he got near the window and try to peek the view he suddenly saw a head.yes a head

of a boy and the boy was unconscious.when jacob moved more closely he found fresh wounds on the boys head.while jacob was observing the boy he suddenly felt like someone was watching him from the side and when he turned to look at the side there was the granny before she could get him he ran with his life and managed to escape.for the first movements he got scared of adventure thing.when he get home he couldn't stop thinking about the boy and made up his mind to check on the boy at past midnight.

Jacob was now in the frontyard of granny's house.He carefully walked towards the window and somehow opened it then jump through it.As he was looking around the room he spotted the boy when he saw that boy he became shocked the boy was tied with rope and he was a little familiar.jacob moved closer to him and tapped on his shoulder.when he opened his eyes he asked to jacob who are you.. I'm jacob i came here to help you. what happened to you with saying that jacob started to untie the rope.im mark but jacob please now run as fast as you can before that creepy women sees you..while saying that they hear footsteps coming closer and mark immediately jack to a cupboard. granny entered to the room..huh what a naughty boy what have you done huhh untied yourself..mhmm i think you deserves a punishment with that the granny start to beat him with belt and suddenly she said now act.Then mark started acting like a dog..barking and doing some weird stuffs..granny patted his head and give him a bone with that she closed the door and started going. Jacob rushes to mark..hey are you alright what happened asked jacob. She is like this said mark..she wanted me to act like her missing dog bella.she was a complete maniac jacob she kidnapped me to here and always beats till she is satisfied.suddenly everything make sense said jacob..now i get it mark why your face seem familiar mark was the missing boy from the other neighbour hood..which jacob had seen poster with his photo.mark there is no more time left now let's just escape from this maniacs house...with that jacob tried to help mark but before he could they heard the grannys sound ..huh one more pray its intresting granny said while grinning but at this time jacob had pushed mark outside the window and threw a flower pot at granny before she could grab them...somehow the two of them managed to escape from there and complained it to the police but when the police came and check the house they can't find a single evidence of this things happened nor a single evidence of a granny that they said lived there......

Two years passed after the incident jacob and mark became inseparable while one day they were walking through the market when mark said this is the same market where that creepy women kidnapped me..ohh I'm sure she got a bad taste at finding children with that jacob started laughing but  he don't get a reply from mark..hey what happened mark jacob asked seeing mark looking like he had seen a ghost mark has turned pale white...she she ca..caamee back mark said while pointing to a direction when jacob looked at that direction he sees the same old creepy granny looking at them with a creepy smile.

Thejalakshmi B S

IX C